**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 448** **28-01-2026-ൽ മറുപടിയ്ക്ക്**

**കേന്ദ്ര സർക്കാരിൽ നിന്നുമുള്ള കടമെടുപ്പ്**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. നജീബ് കാന്തപുരം

ശ്രീ. പി. കെ. ബഷീർ

ശ്രീ. കെ. പി. എ. മജീദ്

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** സംസ്ഥാന സർക്കാരിന് ഈ സാമ്പത്തിക വർഷം കടമെടുക്കാൻ കഴിയുന്ന തുക എത്രയാണെന്ന് നിശ്ചയിച്ച് കേന്ദ്ര സർക്കാരിൽ നിന്നും അറിയിപ്പ് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

**മറുപടി:** സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനമായി കേന്ദ്ര സർക്കാർ എസ്റ്റിമേറ്റ് ചെയ്തിട്ടുള്ള 13,29,195 കോടി രൂപയുടെ 3 ശതമാനമായ 39,876 കോടി രൂപയാണ് സംസ്ഥാനത്തിന്റെ നടപ്പ് സാമ്പത്തിക വർഷത്തെ തനി കടമെടുപ്പ് പരിധി. കൂടാതെ, ഊർജ്ജ മേഖലയിലെ പ്രവർത്തനമികവിനെ അടിസ്ഥാനമാക്കി മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ 0.5 ശതമാനമായ 6645.97 കോടി രൂപ കൂടി അധിക കടമെടുക്കുന്നതിനുള്ള അർഹത സംസ്ഥാനത്തിന് ഉണ്ട്. ആയതിനുള്ള ശിപാർശ കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്.

സംസ്ഥാനത്തിന് അർഹതപ്പെട്ട കടമെടുപ്പ് പരിധിയിൽ നിന്നും നടപ്പ് സാമ്പത്തിക വർഷം ഇതുവരെ, സംസ്ഥാനത്തിന്റെ പ്രത്യേക ഉദ്ദേശ്യ സ്ഥാപനങ്ങളായ (Special Purpose Vehicles)KIIFB, KSSPL എടുത്ത വായ്പ ഇനത്തിൽ 12,655.72 കോടി രൂപയും പൊതുകണക്കിലെ നീക്കിയിരുപ്പ് ഇനത്തിൽ 4324.50 കോടി രൂപയും GRF ൽ നിശ്ചിത തുക നിക്ഷേപിക്കാത്തതിനെതുടർന്ന് 2073 കോടി രൂപയും 01.04.2025 ന് മുൻപ് single nodal account ലേയ്ക്ക് കൈമാറാത്ത കേന്ദ്രാവിഷ്കൃത പദ്ധതി ഇനവുമായി ബന്ധപ്പെട്ട് 6.72 കോടി രൂപയും 2025 ഡിസംബർ വരെ കുറവ് വരുത്തിയിട്ടുണ്ട്. തത്ഫലമായി നടപ്പ് സാമ്പത്തിക വർഷം സംസ്ഥാന വരുമാനത്തിൽ (കടമെടുപ്പിൽ) ആകെ 19059.94 കോടി രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ പൊതുവിപണിയിൽ നിന്നും 2026 ജനുവരി വരെ 41,249 കോടി രൂപ കടമെടുക്കുന്നതിനുള്ള അനുമതി ലഭ്യമാക്കിയിട്ടുണ്ട്.

**(ബി)** നടപ്പു സാമ്പത്തിക വർഷം കടമെടുക്കാൻ കഴിയുന്ന തുക ഉൾപ്പെടെ ശേഷിക്കുന്ന കാലയളവിലെ ചെലവ് എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ;

**മറുപടി:** അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം നടപ്പ് സാമ്പത്തിക വർഷം ഡിസംബർ മാസം വരെയുള്ള സംസ്ഥാനത്തിന്റെ ആകെ ചെലവ് 134711.81 കോടി രൂപയാണ്.

റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം 2025-26 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ആകെ ചെലവ് 192455.60 കോടി രൂപയാണ്.

**(സി)** സർക്കാരിന്റെ ദൈനംദിന ചെലവുകൾക്കാവശ്യമായ തുക എപ്രകാരം കണ്ടെത്താമെന്നാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

**മറുപടി:** നികുതി പിരിവ് ഊർജ്ജിതമാക്കിയും ചെലവുകൾക്ക് മുൻഗണന നിശ്ചയിച്ചും മിതത്വം പാലിച്ചും സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തിയും ലഭ്യമായ സാമ്പത്തിക സ്രോതസ്സുകൾ ഫലപ്രദമായി വിനിയോഗിച്ചും ചെലവുകൾക്ക് ആവശ്യമായ വിഭവങ്ങൾ കണ്ടെത്താനും സാമ്പത്തിക സുസ്ഥിരത കൈവരിക്കുവാനുമാണ് സർക്കാർ ശ്രമിച്ചുപോരുന്നത്. ഇതോടൊപ്പം അനാവശ്യ ചെലവുകൾ ഒഴിവാക്കുകയെന്നതും സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. ഇതിന്റെ ഭാഗമായി ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ വിദേശയാത്ര, വിമാനയാത്ര, ടെലിഫോൺ ചാർജ്ജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടിപിടിപ്പിക്കൽ അടക്കമുള്ള വിവിധ ഇനം ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ധനദൃഢീകരണം സാദ്ധ്യമാക്കുന്നതിനുതകുന്ന നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**